മംഗളം

20 May 2017

# കേരളത്തിൽ മത്തി കുറയുന്നു; മൊത്ത മത്സ്യലഭ്യതയിൽ നാലാം സ്ഥാനത്ത്

കൊച്ചി: രാജ്യത്താകമാനവും കേരളത്തിൽ പ്രത്യേകിച്ചും മത്തിയുടെ ലഭ്യതയിൽ വീണ്ടും കുറവ്. ഇന്ത്യൻ തീരങ്ങളിൽനിന്നു കഴിഞ്ഞ വർഷം ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു. 2016 ലെ സമുദ്രമത്സ്യ ലഭ്യതയെക്കുറിച്ചു കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) തയാറാക്കിയ വാർഷിക പഠന റിപ്പോർട്ടിലാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്.




■ ഇന്ത്യൻ തീരങ്ങളിൽനിന്ന് കഴിഞ്ഞ വർഷം ലഭിച്ച മീനുകളുടെ വിവരങ്ങളെക്കുറിച്ച് സി.എം.എഫ്.ആർ.ഐ. തയാറാക്കിയ വാർഷിക പഠന റിപ്പോർട്ട് പുറത്തിറക്കുന്ന ചടങ്ങിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. സുനിൽ മുഹമ്മദ്, ഡോ. പ്രതിഭാ രോഹിത്, ഡോ. പി.യു സക്കറിയ, ഡോ. ടി.വി സത്യാനന്ദൻ, ഡോ. ജി. മഹേശ്വരുഡു, ഡോ. ആർ. നാരായണകുമാർ എന്നിവർ.

അതേസമയം കേരളത്തിന്റെ മൊത്ത മത്സ്യലഭ്യതയിൽ മുൻവർഷത്തേക്കാൾ എട്ടു ശതമാനം വർധനയുണ്ട്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016 ൽ ലഭിച്ചത്. 2015 ൽ ഇത് 4.82 ലക്ഷം ടൺ ആയിരുന്നു. ഇതര മത്തി വർഗങ്ങൾ, തിരിയാൻ, പെർച്ച് മത്സ്യങ്ങൾ എന്നിവയിലുണ്ടായ വർധനയാണ് മൊത്ത മത്സ്യലഭ്യതയിൽ നേരിയ വർധനയ്ക്കു കാരണമായത്.

1998 നു ശേഷം മത്തി ഇത്രയും കുറയുന്നത് ആദ്യമാണ്. മുൻ വർഷത്തേക്കാൾ 32.8% കുറഞ്ഞ് 45,958 ടൺ മത്തിയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. 2015ൽ ഇത് 68,431 ടൺ ആയിരുന്നു. 2012 ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽനിന്നു ലഭിച്ചിരുന്നു. ഇതിനു ശേഷം ഓരോ വർഷവും മത്തിയുടെ ലഭ്യത താഴേക്കാണ്. കഴിഞ്ഞ വർഷം മാത്രം മത്തിയുടെ കുറവുമൂലം 1300 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായത്.

മത്തി കൂടാതെ അയലയുടെ ലഭ്യതയും കുറഞ്ഞു. 2015 നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം അയലയുടെ ലഭ്യതയിൽ 33% കുറവുണ്ടായതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. ഏറ്റവും കൂടുതൽ ലഭിച്ചത് തിരിയാൻ മത്സ്യമാണ്. രണ്ടാം സ്ഥാനത്ത് അയലയാണ്. കിളിമീനിന്റെ ലഭ്യതയും ഇത്തവണ കുറഞ്ഞു.

മത്സ്യലഭ്യതയിൽ കേരളം ആദ്യമായാണ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. 2013 മുതലാണു കേരളത്തിന് ഒന്നാം സ്ഥാനം നഷ്ടമായത്. തുടർച്ചയായി നാലാം വർഷവും ഗുജറാത്താണ് പട്ടികയിൽ ഒന്നാമത്. തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾ രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി.

## ഇന്ത്യയിൽ ഒന്നാമത് അയല

കൊച്ചി: കേരളത്തിൽ കുറഞ്ഞെങ്കിലും രാജ്യത്ത് മൊത്തത്തിൽ ഏറ്റവും കൂടുതൽ ലഭിച്ചത് ഇന്ത്യയുടെ ദേശീയ മത്സ്യമായ അയലയാണ്. മൊത്തം 2.49 ലക്ഷം ടൺ അയലയാണ് കഴിഞ്ഞ വർഷം ഇന്ത്യയിൽ പിടിച്ചത്. കർണാടകയിൽ നിന്നാണ് അയല കൂടുതൽ ലഭിച്ചത്. ഇന്ത്യയിൽ മൊത്തമായി കഴിഞ്ഞ വർഷത്തെ സമുദ്ര മത്സ്യ ലഭ്യത 3.63 ദശലക്ഷം ടൺ ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 6.6% വർധന.

ബംഗാളികളുടെ പ്രിയ മത്സ്യമായ ഹിൽസ വൻതോതിൽ വർധിച്ചതിനാൽ ബംഗാളിൽ മീൻലഭ്യത ഇരട്ടിയായി. പ്രകൃതി ക്ഷോഭം മൂലമുള്ള പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധന ദിനങ്ങൾ കുറഞ്ഞതിനാൽ ആന്ധ്രാ പ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞതായും സി.എം.എഫ്.ആർ.ഐയുടെ റിപ്പോർട്ട് പറയുന്നു. കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ പുള്ളി അയല കേരള തീരങ്ങളിൽനിന്ന് മാത്രമാണ് ലഭിച്ചത്; ആയിരം ടൺ.

മത്സ്യബന്ധനത്തിലൂടെ 48,381 കോടി രൂപയാണ് കഴിഞ്ഞ വർഷം ലഭിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് 20.6% വർധന. ചില്ലറ മത്സ്യവ്യാപാര കേന്ദ്രങ്ങളിൽ ഇത് 73,289 കോടി രൂപയാണ്. കേരളത്തിൽ ചില്ലറ മത്സ്യവ്യാപാര കേന്ദ്രങ്ങളിൽ മത്സ്യവിലയുടെ മൂല്യം മുൻവർഷത്തെ അപേക്ഷിച്ച് 18.09% കുറഞ്ഞതായും പഠനം ചൂണ്ടിക്കാട്ടുന്നു. സി.എം.എഫ്.ആർ.ഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗമാണ് റിപ്പോർട്ട് തയാറാക്കിയത്. അമിത മത്സ്യബന്ധനവും വൻതോതിൽ ചെറുമീനുകളെ പിടിച്ചതുമാണ് മത്തിയുടെ കുറവിന് പ്രധാന കാരണമെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ചൂണ്ടിക്കാട്ടി.

സി.എം.എഫ്.ആർ.ഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി.വി സത്യാനന്ദൻ പഠന റിപ്പോർട്ടിലെ ഭാഗങ്ങൾ വിശദീകരിച്ചു. വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പ്രതിഭാ രോഹിത്, ഡോ: പി.യു. സക്കറിയ, ഡോ. ആർ. നാരായണകുമാർ എന്നിവർ സംബന്ധിച്ചു.